LIBRARY ARCHIVES Kerala Legislative Assembly

പയ്യന്നൂർ താലൂക്ക് രൂപീകരണം

169 (3918) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) ഏതൊക്കെ വില്ലേജുകളെയാണ് നിർദ്ദിഷ്ട താലൂക്കിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) താലൂക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിയ്ക്കാമോ ?

ഉത്തരം

(എ & ബി) പയ്യന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായിട്ടുള്ള ശുപാർശ പരിശോധിച്ചുവരുന്നു.

(സി) കരിവെള്ളൂർ, വെള്ളൂർ, പെരളം, കോറോം, കാങ്കോൽ, പെരിന്തട്ട, ആലപ്പടമ്പ, പെരിങ്ങോം, വയക്കര, തിരുമേനി, കുറ്റൂർ, എരമം, വെള്ളോറ, രാമന്തളി, പയ്യന്നൂർ, പുളിങ്ങോം, കടന്നപ്പള്ളി, പാണപ്പുഴ, ചെറുതാഴം, മാടായി, കുഞ്ഞിമംഗലം എന്നീ 21 വില്ലേജുകൾ ഉൾപ്പെടുത്താനാണ് ജില്ലാ കളക്ടർ ശുപാർശ നൽകിയിട്ടുള്ളത്.

(ഡി) പയ്യന്നൂർ താലൂക്ക് രൂപീകരണം സംബന്ധിച്ച് വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ഭൂരഹിതർക്ക് ഭൂമി

170 (3919) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഭൂമി എവിടെയൊക്കെ എത്ര ഭൂരഹിതർക്കായി നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.